റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെകാര്യാലയം
കോർപ്പറേഷൻ ബിൽഡിംഗ്
പാളയം,തിരുവനന്തപുരം

**നം. റ്റി.ആർ.ഒ/10/7880/2013/എച്ച്,എസ്.ഇ** **തീയതി: 17/08/2013**

# <u>അറിയിപ്പ്</u>

**വിഷയം:-ടി.ആർ.ഒ-എച്ച്.എസ്.ഇ-2013-14 അധ്യയന വർഷത്തിൽ ഐ.ഇ.ഡി എസ് എസ്-സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.**

തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിനു കീഴിൽ വരുന്ന ഗവൺമെന്റ്/എയ്ഡഡ്- ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും 2013-14 അധ്യയന വർഷത്തേക്കുള്ള ഐ.ഇ.ഡിഎസ്എസ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. 40% മോ അതിൽ കൂടുതലോ വൈകല്യം ഉള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അക്തഹത.

അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ, ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ താഴെപറയുന്ന മാതൃകയിൽ 2013 സെപ്തംബർ 15 ന് മുൻപായി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരാകേൺതാണ്.

<u>മാതൃക</u>

| SL.No | UDISE code of school | Name of school | School code | Name of student | UID Code of student | Class XI / XII | Category | | | | | Sex | Nature of Disability of Student | % of disability |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | Gen | SC | ST | OBC | others | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | | | | | 9 | 10 | 11 |

<u>ഹാജരാക്കേണ്ടരേഖകൾ</u>

(1) വിദ്യാർത്ഥിയുടെ വൈകല്യം (40% ൽ കുറയാതെയുള്ള )തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കേറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (ഗവൺമെന്റ് സ്കൂളുകളിൽ നിന്നും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയതും,എയ്ഡഡ് സ്കൂളുകളിൽ നിന്നും, ഗസറ്റഡ് റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയതുമായ സർട്ടിഫിക്കറ്റുകളുമാണ് ഹാജരാക്കേണ്ടത്.)

(2) വിദ്യാർത്ഥി ഐ.ഇ.ഡി വിഭാഗത്തിലാണ് അഡ്മിഷൻ എടുത്തിട്ടുള്ളത് എന്നതിന്റെ രേഖ (verification Report).

(3) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
(4) വിദ്യാർത്ഥിയുടെ UID Code
(5) സ്കൂളിന്റെ UDISE Code
(6) സ്കൂൾ കോഡ്
(7) എസ്.ബി.റ്റി/എസ്.ബി.ഐ ബാങ്കുകളിൽ നിന്നും വിദ്യാർത്ഥിയുടെ പേരിലെടുത്ത '0' ബാലൻസ് അക്കൗണ്ട് പാസ് ബുക്കിന്റെ 1-ാമത്തെ പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

മേൽ പറഞ്ഞ രേഖകളോടൊപ്പം നിശ്ചിതമാതൃകയിൽ 2013 സെപ്തംബർ 15 ന് അകം ഹാജരാക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട് പിന്നീടൊരറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്
**റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ**
**തിരുവനന്തപുരം**

കുറിപ്പ്**:-Learning Disability** വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.